# സർ മാധവറാവു, ഡോ. കേശവറാവു

ഡി. ബാബു പോൾ

എൻജിനിയറിങ് കോളേജ് ഹോസ്റ്റൽ പുതിയ കെട്ടിടം ആയിരുന്നു. വിശാലമായ ഒരു നടുമുറ്റത്തിനുചുറ്റും നാലുവശത്തും കെട്ടിയുണ്ടാക്കിയ ഒരു ഇരുനിലക്കെട്ടിടം. പിൻവശം കുറച്ച് താഴ്ന്നിട്ടായിരുന്നു. അവിടെയായിരുന്നു മെസ്. ഏതാനും പടികൾ ഇറങ്ങിയാണ് മെസിൽ എത്തുക. അതിനപ്പുറം അടുക്കളയും കടന്നാൽ പിന്നെ കാട്ടുപൂക്കൾ അലങ്കരിച്ച നാട്ടുഭൂമി. നിറയെ കുറ്റിച്ചെടികൾ. 1960ൽ ആണെന്ന് തോന്നുന്നു ആ കുറ്റിക്കാടുകൾ വെട്ടിത്തെളിച്ച് ഇന്നുകാണുന്ന സർക്കാർ വീടുകളുടെ പണി തുടങ്ങിയത്.

മെസിൽ ഒരു പാതി സസ്യഭുക്കുകൾക്ക്. ആലുവായിൽ അഞ്ച് ഹോസ്റ്റലുകൾക്ക് ഒട്ടാകെ ഒരേയൊരു വെജിറ്റേറിയൻ മെസ് ആയിരുന്നു. എൻജിനിയറിങ് പ്രവേശനം കിട്ടുന്നവരിൽ പാതിയും പട്ടക്കുട്ടികളാവും എന്ന് ചീഫ് ആർക്കിടെക്ട് ജെ.സി.അലക്സാണ്ടർ കണക്കുകൂട്ടിയതിനാൽ ആവണം ഇത്ര വിശാലമായ സൗകര്യം സസ്യഭുക്കുകൾക്ക് ഒരുക്കിയത്. എന്നെ സംബന്ധിച്ച് ദൂരം താണ്ടാതെ കഴിക്കാം എന്നതായിരുന്നു ആശ്വാസം. ആലുവായിൽ വിശാലമായ കാമ്പസിന്റെ ഒരു മൂലയിലായിരുന്നു 'അമ്മാവന്റെ മെസ്'. ഹോളണ്ട് ഹോസ്റ്റൽ ഒഴികെ മറ്റെല്ലാ ഹോസ്റ്റലുകളിലെയും അന്തേവാസികൾക്ക് അത് തലവേദനയായിരുന്നു. സ്കിന്നർ ഹോസ്റ്റലിൽനിന്ന് രണ്ട് കിലോമീറ്റർ നടക്കണം കാമ്പസിന്റെ മറ്റേയറ്റത്തുള്ള വെജിറ്റേറിയൻ മെസിൽ എത്താൻ. കൃഷ്ണപക്ഷത്തിലെ അത്താഴവും പരീക്ഷക്കാലത്തെ പ്രാതലും ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. ഇവിടെ ആ പ്രശ്നം ഒഴിവായി.

എന്തുകൊണ്ടാണ് ഞാൻ സസ്യഭുക്കായി പിറന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരം കുടുംബചരിത്രത്തിലും ജനിതകമുദ്രയിലും ആണ് തേടേണ്ടത്. മാർഗ്ഗംകൂടിയിട്ട് പതിമൂന്നാമത്തെയോ പതിന്നാലാമത്തെയോ തലമുറയാണ് ഞാൻ. തായ്‌വഴിക്കാണെങ്കിലും തലമുറ ഏഴേ ആയിട്ടുള്ളൂ. ഏതുവഴി വന്നതായാലും ഈ ജനിതകമുദ്രാപ്രയാണം അത്ഭുതകരംതന്നെ. എന്റെ അപ്പനും അമ്മയും തികഞ്ഞ മാംസഭുക്കുകൾ ആയിരുന്നിട്ടും അനിയനും ഞാനും കണ്ണിമാങ്ങയും മാമ്പഴപ്പുളിശ്ശേരിയും കൊതിക്കുന്ന സസ്യാഹാരികളായി. ഞങ്ങളുടെ അടുത്ത തലമുറയിൽ നാൽവരിൽ ഒരാൾ. കുടുംബത്തിന്റെ വിവിധ ശാഖകളിൽ അങ്ങിങ്ങായി ആരെങ്കിലുമൊക്കെ. അനന്തമജ്ഞാതമവർണ്ണനീയമീ ജന്മവാസന പകരുന്ന മാർഗ്ഗം.

വിവാഹാനന്തരം മാംസഭുക്കായെങ്കിലും ആ സമ്പ്രദായത്തിന് വലിയ ആയുസ്സുണ്ടായില്ല. ഭക്ഷണരീതി കുറിക്കേണ്ടിവന്നാൽ 'വെജിറ്റേറിയൻ, വിൽ ടോളറേറ്റ് ഫിഷ്' എന്നാണ് ഇപ്പോൾ എഴുതുക. സി.ഇ.ടി.യിലെ ഒരു പഴയ സതീർത്ഥ്യൻ എഴുതുന്നത്, 'വെജിറ്റേറിയൻ ബൈ കംപൽഷൻ കീൻ ഓൺ ഫിഷ്' എന്നാണ്. അഗ്രഹാരത്തിൽ അമ്മ്യാർ അടുപ്പിക്കയില്ല മത്സ്യം, കരമനയാറ്റിലെ പാലം കടന്നാൽ കൂരായണ.

ഹോസ്റ്റലും മെസും കൊള്ളാം എന്നുതന്നെ തോന്നി. ആലുവായിലെ ഗാന്ധിയൻ ചകിരിക്കട്ടിലിൽ ശീലിച്ച ഈ ഗ്രാമീണന് എൻജിനിയറിങ്ങുകാരുടെ ഹോസ്റ്റൽ കുചേലൻ കണ്ട ദ്വാരകയായി.

ഹോസ്റ്റലിനുമുന്നിൽ ടെന്നീസ്കോർട്ട്. കളി അറിയുന്നവർ കളിക്കുന്ന ഇനം. ആദ്യത്തെ രണ്ടു കൊല്ലം ഞാനും ടെന്നീസ് റാക്കറ്റുമായി നടന്നിരുന്നു. ഞങ്ങൾക്കൊന്നും ഈ കോർട്ടിൽ പ്രവേശനമില്ല. ഇവിടെ കൃഷ്ണകുമാർ തുടങ്ങിയ കൊമ്പൻ കളിക്കാർ കളിക്കും. മൂന്നാം കോർട്ടും നാലാം കോർട്ടും ആണ് തുടക്കക്കാർക്കും തുടങ്ങിയിട്ട് ഗുണംപിടിക്കാത്തവർക്കും.

കോർട്ട് കഴിഞ്ഞാൽ പിന്നെ ഹൈഡ്രോളിക്സ്, ഇലക്ട്രിക്കൽ തുടങ്ങിയ ലാബുകളും മെഷീൻ ഷോപ്പ്, വർക്ക്ഷോപ്പ് ഇത്യാദി ഇനങ്ങളും കഴിഞ്ഞാൽ റോഡ്.

ഇപ്പോൾ ഹോസ്റ്റൽ ഐ.എം.ജി.യുടെ കൈവശം. പിന്നെ സിറ്റി ഹൈസ്കൂൾ ഇത്യാദി.

അതിരിക്കട്ടെ, റോഡിൽനിന്ന് ആദ്യം കാണുന്ന ആദ്യത്തെ കെട്ടിടത്തിൽനിന്ന് തുടങ്ങാം. ആ കെട്ടിടം സർ ടി.മാധവറാവു എന്ന മഹാത്മാവിന്റെ ദീർഘദൃഷ്ടി തുടക്കമിട്ട ഒരു ഭരണനവീകരണത്തിന്റെ തുടർച്ചയായിരുന്നു.

ചരിത്രം മാധവറാവു ദിവാൻ ആകുന്നതിന് മുമ്പേ തുടങ്ങുന്നു. സ്വാതിതിരുനാളിനെ പിന്തുടർന്ന് രാജാവായ ഉത്രംതിരുനാൾ നാടുവാണത് 1847-60 കാലത്താണ്. അന്ന് എൽ.എം.എസ്. മിഷണറിമാർ തമ്പുരാന് ഒരു നിവേദനം നൽകി. സർക്കാരോഫീസുകൾ കോട്ടയ്ക്കകത്തുനിന്ന് പുറത്തേക്ക് മാറ്റണം. അവർണർക്ക് ഓഫീസുകളിൽ പോകാൻ കഴിയണം. ഉൽപതിഷ്ണു ആയിരുന്ന മഹാരാജാവ് അത് തത്ത്വത്തിൽ അംഗീകരിച്ചു. ആദ്യമായി ഒരു ഓഫീസ് കോട്ടയ്ക്കുപുറത്ത് സ്ഥാപിച്ചു. ആ കെട്ടിടത്തിന് മുഖക്കുറിയായി രണ്ട് ആനകളും ഒരു ശംഖും ചാർത്തി. ജനം അതിനെ ആനക്കച്ചേരി എന്ന് വിളിച്ചു. (ഈ ആനക്കച്ചേരിയാണ് പിൽക്കാലത്ത് ട്രാവൻകൂർ ബാങ്കിന്റെ ആസ്ഥാനമായത്. അടുത്ത കാലത്താണല്ലോ അത് പൊളിച്ചത്).

ആനക്കച്ചേരിക്ക് വടക്കാണ് അന്ന് പട്ടാളം താമസിച്ചിരുന്നത്. അതിനും ഉണ്ട് ഒരു കഥ. വേലുത്തമ്പിയുടെ കാലത്ത് ബ്രിട്ടീഷ് സേന കൊല്ലത്തേക്ക് മാറിയിരുന്നു. എന്നാൽ, സ്വാതിതിരുനാളിന്റെ അമ്മയും പോറ്റമ്മയും വാണ കാലത്ത് ഒരു ചെറിയ സൈന്യത്തെ ക്ഷേത്രത്തിന്റെയും രാജകുടുംബത്തിന്റെയും സംരക്ഷണത്തിനായി രൂപപ്പെടുത്തി. നായന്മാരായിരുന്നു പട്ടാളക്കാർ. കുറച്ചുകഴിഞ്ഞപ്പോൾ സായിപ്പിന് ബുദ്ധി തോന്നി. നായർപട്ടാളത്തെ നായർ ബ്രിഗേഡ് ആയി വിപുലീകരിച്ച് സ്വന്തം പട്ടാളത്തിന്റെ ചെലവ് കുറച്ചു. ഈ നായർ ബ്രിഗേഡ് ആണ് 1938ലോ മറ്റോ സ്റ്റേറ്റ് ഫോഴ്സസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്.

പറഞ്ഞുവന്നത് ആനക്കച്ചേരിക്ക് വടക്ക് പട്ടാളം പാളയമിറ

ങ്ങിയ കഥയാണല്ലോ. ആനക്കച്ചേരി പണിത കാലത്ത് ദിവാൻ പേഷ്ക്കാർ ആയിരുന്ന മാധവറാവു 1858ൽ ദിവാനായി. അദ്ദേഹമാണ് സെക്രട്ടേറിയറ്റ് പണിയിച്ചത്. സർക്കാരാപ്പീസുകൾ എല്ലാം കോട്ടയ്ക്കുപുറത്തേക്ക് മാറ്റണം എന്ന ജനപ്രിയ തീരുമാനത്തിന്റെ തുടർച്ചയായിരുന്നു അത്. മാധവറാവുവിന് അവിടെ ഭൂമി ഉണ്ടായിരുന്നെന്നും അത് പൊന്നുംവിലയിൽ കൈയൊഴിക്കുവാനുള്ള സൂത്രമാണ് പുത്തൻകച്ചേരി പദ്ധതിയെന്നും ഒക്കെ ആരോപണങ്ങൾ ഉണ്ടായെങ്കിലും ആയില്യംതിരുനാൾ ദിവാനൊപ്പം ഉറച്ചുനിന്നു. പട്ടാളത്തെ പാളയത്തേക്ക് മാറ്റി. സെക്രട്ടേറിയറ്റ് ഉയർന്നു.



ബാർട്ടൺ സായിപ്പ് ചീഫ് എൻജിനിയറായപ്പോൾ കഴിയുന്നത്ര പുതുനിർമ്മിതികൾ കോട്ടയ്ക്ക് പുറത്തായിരിക്കണം എന്ന് നിർദ്ദേശിച്ചതും മാധവറാവുതന്നെ.

അങ്ങനെ ബാർട്ടൺ നിർമ്മിച്ച കെട്ടിടങ്ങളിൽ ഒന്ന് ചീഫ് എൻജിനിയറുടെ ഓഫീസ് ആയിരുന്നു. ആ ഓഫീസാണ് പിന്നീട് എൻജിനിയറിങ് കോളേജായത്. അത് സർ സി.പി.യുടെ കാലത്ത്. അപ്പോഴേക്ക് സർക്കാരിന്റെ വലിപ്പം വർദ്ധിച്ചു. കൂടുതൽ കെട്ടിടങ്ങൾ വേണം എന്ന അവസ്ഥയായി. മ്യൂസിയത്തിന് എതിർഭാഗത്ത് കാണുന്ന നെടുങ്കൻ കെട്ടിടം ഉണ്ടാകാൻ ഇടവന്നത് അതിന്റെ തുടർച്ച. ആ കെട്ടിടത്തിന്റെ ഒരു പാതി ചീഫ് എൻജിനിയറുടെ ഓഫീസായി. മറുപാതി റവന്യൂ കമ്മീഷണറുടെയും.

കൂടെ പറയേണ്ട മറ്റൊരു കഥ പറയാതെ പോകാൻ പേന സമ്മതിക്കുന്നില്ല. ഹജൂർ കച്ചേരി എന്ന സെക്രട്ടേറിയറ്റ് പാശ്ചാത്യ വാസ്തുശില്പ മാതൃകയിലാണല്ലോ. ആയില്യംതിരുനാൾ മഹാരാജാവിന് ആ നിർമ്മിതിയെക്കുറിച്ച് വലിയ അഭിമാനം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം എല്ലാ സംസ്ഥാനാതിഥികളെയും ആ കെട്ടിടം കാണിച്ചുവന്നു. മദ്രാസ് ഗവർണർ നേപ്പിയറെയും കാണിച്ചു. നേപ്പിയറിന് അത് സന്തോഷമല്ല നൽകിയത്. യൂറോപ്യൻ വാസ്തുകലയെ തിരുവിതാംകൂർ എന്തിന് അനുകരിക്കണം എന്ന് ഗവർണർ ചോദിച്ചപ്പോൾ, അതിലെ ശരി തമ്പുരാനും തിരിഞ്ഞു. അദ്ദേഹം ദേശസ്നേഹിയും ഭാഷാഭിമാനിയും ആയിരുന്നുവല്ലോ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായ ആദ്യത്തെ പാഠപുസ്തക സമിതിയെ നിയമിച്ചതും ആധുനിക രീതിയിലുള്ള മലയാളം പള്ളിക്കൂടങ്ങൾ തുടങ്ങിയതും ആ രാജാവ് ആയിരുന്നു. ഒരേ സമയം സ്വത്വാഭിമാനിയും ഉൽപതിഷ്ണുവും ആയിരുന്ന അദ്ദേഹം രേഖകൾക്ക് ഓല മാറ്റി കടലാസ് ആക്കി എന്നത് മറ്റൊരുദാഹരണം. പിന്നെ തിരുവനന്തപുരത്തെ മ്യൂസിയം. സെക്രട്ടേറിയറ്റിന്റെ വാസ്തുശില്പ മാതൃകയിൽനിന്ന് തീർത്തും വിഭിന്നമായി ദേശീയശൈലിയുടെ മഹത്ത്വം കൂടെ വിളംബരം ചെയ്യുന്ന ഒരു പുതിയ സമ്പ്രദായത്തിലാണല്ലോ അതിന്റെ രൂപകല്പന. ആ ആശയം തനിക്ക് സമ്മാനിച്ച നേപ്പിയർ പ്രഭുവിന്റെ പേരാണ് മ്യൂസിയത്തിന് നൽകിയിട്ടുള്ളത്. കൂടെ പറയട്ടെ, തിരുവിതാംകൂർ രാജാവിനെ മഹാരാജാവ് എന്ന് ഉയർത്തിയതും ഇക്കാലത്തായിരുന്നു. തിരുവിതാംകൂറിന്റെ ആദ്യത്തെ 'മഹാരാജാവ്' ആയില്യം തിരുനാൾ ആയിരുന്നു.

ഈ നേപ്പിയർ മ്യൂസിയത്തിന്റെ ശൈലിയോട് മറുതലിക്കാതെ വേണം പബ്ലിക് ഓഫീസ് രൂപകല്പനചെയ്യാൻ എന്ന് യൂണിവേഴ്സിറ്റി ആർട് കമ്മീഷണർ, ആർക്കിയോളജിസ്റ്റ് എന്നീ പദവികൾകൂടെ അലങ്കരിച്ചിരുന്ന കസിൻസ് സായിപ്പിന് സർ സി.പി. നിർദ്ദേശം നൽകിയിരുന്നു. അവിടെ താമസിച്ചിരുന്ന മൂന്ന് കുടുംബങ്ങളെ ബലമായി ഒഴിപ്പിച്ചിട്ടാണ് പബ്ലിക് ഓഫീസസ് നിർമ്മിച്ചത്. ചീഫ് എൻജിനിയറുടെ ഓഫിസ് അവിടേക്ക് മാറ്റി. ഡിവിഷനോഫീസ് മാറ്റിയില്ല. അത് ഇപ്പോഴും അവിടെയുണ്ടല്ലോ. പഴയ സി.ഇ. ഓഫീസ് പുതിയ എൻജിനിയറിങ് കോളേജ് ആയി.

ചീഫ് എൻജിനിയറുടെ ബംഗ്ലാവും ആ കുന്നിൽത്തന്നെ ആയിരുന്നു. ആ കെട്ടിടവും കോളേജിന് നൽകി. രണ്ടോ മൂന്നോ പുതിയ കെട്ടിടങ്ങൾ പണിത് കഴിഞ്ഞിരുന്നു ഞങ്ങൾ വരുന്നതിനകം. എങ്കിലും ചീഫ് എൻജിനിയറുടെ വീടിനുമുന്നിലെ വിശാലമായ പുൽത്തകിടി ഉടവൊന്നും കൂടാതെ സംരക്ഷിച്ചിരുന്നു. ആ പുൽത്തകിടിയിലാണ് കോളേജ് യൂണിയന്റെ രണ്ട് പ്രധാന പരിപാടികൾ സംഘടിപ്പിച്ചിരുന്നത്. വർഷാരംഭത്തിലെ ഫ്രെഷേഴ്സ് സോഷ്യലും വർഷാവസാനത്തിലെ കോളേജ് ദിനാഘോഷവും.

ഫ്രെഷേഴ്സ് സോഷ്യൽ ഒരു അരങ്ങേറ്റവേദിയാണ്. നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആദ്യമായി തിരുവനന്തപുരത്തെത്തുചേരുന്നവരുടെ കലാസിദ്ധികൾ അരങ്ങേറാവുന്ന ഇടം. യൂണിയൻ ചെയർമാൻ (അന്ന് ജനറൽ സെക്രട്ടറി എന്നാണ് പറഞ്ഞുവന്നത്. പ്രിൻസിപ്പൽതന്നെ ആയിരുന്നു കോളേജ് യൂണിയൻ ചെയർമാൻ. പ്രിൻസിപ്പലിനെ 'പ്രിൻസി' എന്നുവിളിക്കുന്ന കാലം പിന്നെയാണല്ലോ വന്നത്). പുതുമുഖങ്ങൾക്കിടയിൽ അന്വേഷിച്ചാണ് ഇരപിടിക്കുന്നത്. ആര് പാടും, ആര് ആടും, ആര് പ്രസംഗിക്കും? പ്രസംഗിക്കാനുള്ള ചീട്ട് എനിക്കാണ് വീണത്. രണ്ടു വർഷം സർവകലാശാലാതലത്തിൽ സചിവോത്തമസ്മാരക പ്രസംഗമത്സരത്തിൽ പങ്കെടുത്ത് തോറ്റു എന്നതായിരിക്കണം യോഗ്യതയായി കണ്ടത്. അങ്ങനെ ഫ്രെഷേഴ്സ് സോഷ്യലിൽ തന്നെ ഞാൻ നേതാവായി അഭിഷേകം ചെയ്യപ്പെട്ടു എന്ന് പറയാം. ആ പ്രസംഗം കഴിഞ്ഞപ്പോൾ പ്രിൻസിപ്പൽ ഡോ. എം.വി.കേശവറാവു എന്നെ അടുത്തുവിളിച്ച് അനുഗ്രഹിച്ചു.

പണ്ട് ഇൻറർവ്യൂവിൽ ധിക്കാരം പറഞ്ഞയാളാണ് എന്നൊന്നും അദ്ദേഹം ഓർക്കയില്ലല്ലോ. എങ്കിലും അത് ഒരു വലിയ സംഭവമായിരുന്നു എന്ന് സീനിയേഴ്സ് പറഞ്ഞു. കർശനക്കാരനും മനുഷ്യപ്പറ്റ് ലവലേശം ഇല്ലാത്ത ഭീകരനും എന്നായിരുന്നു കേശവറാവുവിനെക്കുറിച്ചുള്ള പൊതുധാരണ.

രണ്ടുവർഷം കഴിഞ്ഞ് 1960ലെ ഫ്രെഷേഴ്സ് സോഷ്യലിൽ പുതുമുഖങ്ങളെ സ്വാഗതംചെയ്യാനുള്ള നിയോഗവും അതിനകം നേതാവും വാഗ്മിയുമായി സതീർത്ഥ്യർ അംഗീകരിച്ചുകഴിഞ്ഞിരുന്ന എനിക്കായിരുന്നു.

ആ അവധിക്കാലത്ത് ഞാൻ യൂറോപ്പിൽ പോയത് ഓർമ്മിച്ചുകൊണ്ട് കേശവറാവു മറയ്ക്കാത്ത സ്നേഹവാത്സല്യങ്ങളോടെ 'ഹീ ഈസ് റീസൻൻറ്ലി ലണ്ടൻ റിട്ടേൺഡ്' എന്നോ മറ്റോ ഒരു പ്രയോഗം നടത്തിയതും സദസ്സ് കൈയടിച്ചതും ഓർമ്മവരുന്നു. അതിനേക്കാളൊക്കെ പ്രധാനം തിരുവനന്തപുരത്തുകാർ പട്ടം താണുപിള്ളയെ എത്ര ബഹുമാനിച്ചിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞതും ആ പുൽത്തകിടിയിലായിരുന്നു എന്നതാണ്. ആ കഥ പിറകെ പറയാം.